**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2065** **12-02-2024 - ൽ മറുപടിയ്ക്ക്**

**മന്ത്രിമാരുടെ നേതൃത്വത്തിൽ നടന്ന ഹരിപ്പാട് മേഖലാ അവലോകനയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മന്ത്രിമാരുടെ നേതൃത്വത്തിൽ നടന്ന മേഖലാ അവലോകനയോഗങ്ങളിൽ ഹരിപ്പാട് നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് എന്തെല്ലാം വികസന പ്രശ്നങ്ങളാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത് അല്ലെങ്കിൽ വിലയിരുത്തിയിട്ടുള്ളത് എന്നത് വ്യക്തമാക്കാമോ; ഇതിന്മേൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (എ) | ഹരിപ്പാട് നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് വിലയിരുത്തിയ വികസന പ്രശ്നങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**<u>1 തീരദേശ ഹൈവേയുമായി ബന്ധപ്പെട്ട വിഷയം</u>**

**എ.** വലിയ അഴിക്കൽ-ചെല്ലാനം 3 റീച്ചുകൾ ആയിട്ടാണ് വർക്ക് നടക്കുന്നതെന്നും ആയതിൽ വലിയ അഴീക്കൽ മുതൽ തോട്ടപ്പള്ളി ഭാഗം 22.25 കി.മീ. ദൂരത്തിൽ 2.5 കി.മീ. ൽ ജിയോടാഗ്ഗിങ് പൂർത്തീകരിച്ചിട്ടുണ്ട്. 22 കി.മീ. ബൗണ്ടറി സ്റ്റോൺ ഇട്ടു കഴിഞ്ഞു. തൃക്കുന്നപ്പുഴയിൽ റി അലൈൻമെന്റിന്റെ ആവശ്യകത.

**B.** തോട്ടപള്ളി ജംഗ്ഷനിൽ തീരദേശ ഹൈവേയും നാഷണൽ ഹൈവേ 66-മായി ബന്ധിപ്പിക്കുന്ന സ്ഥലത്ത് ഡിസൈനിൽ മാറ്റം വന്നതിനാൽ ആയത് NHAI യുമായി കൂടി ആലോചിച്ച് തീരുമാനമെടുക്കുന്നത് സംബന്ധിച്ച്.

**<u>2. ആരോഗ്യ - കുടുംബക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട വിഷയം</u>**

മാനസിക വെല്ലുവിളി നേരിടുന്നവർക്കായുള്ള പുനരധിവാസ വില്ലേജിന്റെ നിർമ്മാണത്തിനായി ആരോഗ്യവകുപ്പിന്റെ ഉടമസ്ഥതയിലുള്ള നൂറനാട് ലെപ്രസി സാനിറ്റോറിയത്തിനോട് ചേർന്ന് ഉപയോഗിക്കപ്പെടാതെ കിടക്കുന്ന 5 ഏക്കർ സ്ഥലം സാമൂഹ്യനീതി വകുപ്പിന് ലഭ്യമാക്കുന്നത് സംബന്ധിച്ച്.

**<u>3. പൊതമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട വിഷയം</u>**

**A.** കരുവാറ്റ ഗ്രാമപഞ്ചായത്തിൽ കരുവാറ്റ മുതലക്കുറിച്ചിക്കൽ പാലത്തിന്റെ നിർമ്മാണത്തിന് ശേഷിക്കുന്ന തുക ലഭ്യമാക്കുന്നത് സംബന്ധിച്ച്.

**B.** കരുവാറ്റ കുപ്പപ്പുറം ഔട്ട് പോസ്റ്റ് റോഡ് നിർമ്മാണം സംബന്ധിച്ച്.

**<u>4. ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട വിഷയം</u>**

**A.** ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ സ്വീവേജ് ജിറ്റ്മെന്റ് പ്ലാൻഡിനായി ടോട്ടൽ സാനിറ്റേഷൻ മിഷനിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്.

**B.** പുളിക്കീഴ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച്.